**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2843** **12-07-2022 - ൽ മറുപടിയ്ക്ക്**

**വാടാനപ്പള്ളി പഞ്ചായത്തിലെ ഐ.വി.കെട്ടിൽ തടയണ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2019-20 വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തി അനുവദിക്കുകയും ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുള്ള മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ ഐ.വി.കെട്ടിൽ തടയണ നിർമ്മിക്കുന്ന പ്രവൃത്തി ഇതുവരെ തുടങ്ങാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | 2019-20 വർഷത്തെ ബഡ്ജറ്റിൽ എസ്റ്റിമേറ്റ് അനുബന്ധം 2 വാല്യം 2-ൽ 100 ലക്ഷം അടങ്കൽ തുകയുടെ ഇരുപത് ശതമാനം തുകയായ 20 ലക്ഷം രൂപ വകയിരുത്തിയിരുന്ന തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി പഞ്ചായത്തിലെ ഐ.വി.കെട്ടിൽ ഉപ്പുവെള്ളം ഒഴിവാക്കാനുള്ള സ്ലൂയിസിന്റെ നിർമ്മാണത്തിനായി ഡി.എസ്. ആർ 2018 പ്രകാരമുള്ള 141 ലക്ഷം രൂപയുടെ പദ്ധതിരേഖയ്ക്ക് 4702-00-101-82-01-00-പി.വി.എം.ഐ.ക്ലാസ്സ്-2 എന്ന ശീർഷകത്തിൽ 15/01/2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.31/2022/ജവിവ പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയ്ക്ക് ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയറിൽ നിന്നും ഡിസൈൻ ലഭ്യമായെങ്കിലും എസ്റ്റിമേറ്റിലെ App-B-യിൽ വരുന്ന മെക്കാനിക്കൽ വിഭാഗത്തിന്റെ പ്രവൃത്തികളായ 'shutters and hoisting arrangements' മെക്കാനിക്കൽ വിഭാഗം ചീഫ് എഞ്ചിനീയർ ടി ഡിസൈൻ പരിശോധിക്കുകയും ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. അതിൻപ്രകാരം ഡിസൈൻ പരിഷ്കരിച്ച് നല്കുന്നതിന് ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി-ക്ക് കത്ത് നല്കിയിട്ടുണ്ട്. ഐ.ഡി.ആർ.ബി-യിൽ നിന്നും പരിഷ്കരിച്ച ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തി ഉടൻ ആരംഭിക്കാൻ വേണ്ട നടപടി | (സി) | 2019-20 വർഷത്തെ ബഡ്ജറ്റിൽ എസ്റ്റിമേറ്റ് |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | | അനുബന്ധം 2 വാല്യം 2-ൽ 100 ലക്ഷം അടങ്കൽ തുകയുടെ ഇരുപത് ശതമാനം തുകയായ 20 ലക്ഷം രൂപ വകയിരുത്തിയിരുന്ന തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി പഞ്ചായത്തിലെ ഐ.വി.കെട്ടിൽ ഉപ്പുവെള്ളം ഒഴിവാക്കാനുള്ള സ്ലൂയിസിന്റെ നിർമ്മാണത്തിനായി ഡി.എസ്. ആർ 2018 പ്രകാരമുള്ള 141 ലക്ഷം രൂപയുടെ പദ്ധതിരേഖയ്ക്ക് 4702-00-101-82-01-00-പി.വി.എം.ഐ.ക്ലാസ്സ്-2 എന്ന ശീർഷകത്തിൽ 15/01/2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.31/2022/ജവിവ പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയ്ക്ക് ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയറിൽ നിന്നും ഡിസൈൻ ലഭ്യമായെങ്കിലും എസ്റ്റിമേറ്റിലെ App-B-യിൽ വരുന്ന മെക്കാനിക്കൽ വിഭാഗത്തിന്റെ പ്രവൃത്തികളായ 'shutters and hoisting arrangements' മെക്കാനിക്കൽ വിഭാഗം ചീഫ് എഞ്ചിനീയർ ടി ഡിസൈൻ പരിശോധിക്കുകയും ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. അതിൻപ്രകാരം ഡിസൈൻ പരിഷ്കരിച്ച് നല്കുന്നതിന് ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി-ക്ക് കത്ത് നല്കിയിട്ടുണ്ട്. ഐ.ഡി.ആർ.ബി-യിൽ നിന്നും പരിഷ്കരിച്ച ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ